പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *752 | 16. 07. 2014 ൽ മറുപടിക്ക്

എൽ. ഇ.ഡി, സി.എഫ്. എൽ ബൾബുകൾ ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്ജ്
,, അൻവർ സാദത്ത്

ശ്രീ ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എൽ.ഇ.ഡി, സി.എഫ്.എൽ ബൾബുകളിലെ മെർക്കുറി ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ | (എ) | സി.എഫ്.എൽ/ എൽ.ഇ.ഡി വിളക്കുകളിലെ മെർക്കുറി ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് ഊർജ്ജ വകുപ്പോ ആരോഗ്യ വകുപ്പോ ആലോചിച്ചിട്ടില്ല. എന്നാൽ കേടായ സി.എഫ്.എൽ/ എൽ.ഇ.ഡി എന്നിവ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. |
| (ബി) | പ്രസ്തുത പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ? വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) & (സി) | കേടായ സി.എഫ്.എൽ/ എൽ.ഇ.ഡി ലൈറ്റുകൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദപഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ഐ.ആർ.ജി സിസ്റ്റംസ് സൌത്ത് ഏഷ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. പഠനറിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ കേരളത്തിൽ ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് വിലയിരുത്തി തീരുമാനം കൈക്കൊള്ളാവുന്നതാണ്. |
| (സി) | പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്? വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ